# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1711 22.03.2012 - ലെ മറുപടിയ്ക്ക്

### കോട്ടയം ജില്ലയിലെ ജനസമ്പർക്ക പരിപാടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. അജിത് | ശ്രീ.ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |
| (എ) കോട്ടയം ജില്ലയിൽ നടത്തിയ ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച പരാതികളിൽ എത്രയെണ്ണം തീർപ്പാക്കിയെന്ന് നിയോജകമണ്ഡല അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ ; | (എ) കോട്ടയം ജില്ലയിൽ 65,787 പരാതികൾക്ക് അന്തിമമായി തീർപ്പ് കൽപിച്ചിട്ടുണ്ട്. നിയോജകമണ്ഡലാടിസ്ഥാനത്തിൽ കണക്കെടുത്തിട്ടില്ല. |
| (ബി) ഇതിൽ തീർപ്പാകാത്ത പരാതികൾ തീർപ്പാക്കുന്നതിന് താലൂക്ക് തലത്തിൽ പ്രത്യേക സെൽ രൂപീകരിക്കുമോ; | (ബി) താലൂക്ക് തലത്തിൽ പ്രത്യേകസെൽ രൂപീകരിക്കുന്ന കാര്യത്തിൽ തീരുമാനമായിട്ടില്ല. പരാതികൾ സംബന്ധിച്ച് അവലോകനം നടത്തുന്നുണ്ട്. |
| (സി) ജനസമ്പർക്ക പരിപാടിയിൽ കൊടുത്തതും, തീർപ്പാകാത്തതുമായ പരാതികൾക്ക് പിന്നീട് വേണ്ടത്ര പരിഗണന ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

(.........2)

(ഡി) ജനസമ്പർക്ക പരിപാടിയിൽ പങ്കെടുത്തവർക്ക് അനുവദിച്ച ചികിത്സാ ധനസഹായം ലഭിച്ചിട്ടുപോലും ജനസമ്പർക്ക പരിപാടിക്ക് മുമ്പ് അനുവദിച്ച ചികിത്സാ സഹായം കിട്ടാതിരിക്കുന്നത് ഗൗരവമായി പരിശോധിക്കുമോ ;

(ഡി) ഗൗരവമായി പരിശോധിക്കുന്നുണ്ട്.

(ഇ) കോട്ടയം ജില്ലയിലെ ജനസമ്പർക്ക പരിപാടിയിൽ വൈക്കം നിയോജക മണ്ഡലത്തിൽ പരിഹാരമാകാത്ത പരാതികൾ എത്രയെന്ന് വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ ?

(ഇ) നിയോജകമണ്ഡലങ്ങളുടെ അടിസ്ഥാനത്തിൽ കണക്കെടുപ്പ് നടന്നിട്ടില്ല.

സെക്ഷൻ ഓഫീസർ